# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഗളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി124/605/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഗളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഗളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഗളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി24/605/23 തീയ്യതി: 19/04/2023

## പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 24-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി.എസ്. സാബു | ഡെപ്യൂട്ടി ഡയറക്ടർ. | 25-03-2023 | 31-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-03-2023 | 31-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.യു.ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ,
ശ്രീ. കെ.പി.രാമകൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. എസ്.ഷെഫീർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ. ഐ.കന്തസ്വാമി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അംബിക ലക്ഷമണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. മുരുകേഷ് ബാബു.എസ്. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബി.എസ്.പ്രസീൻ | അസി.എഞ്ചിനീയർ | 01-04-2021 | 16-07-2021 |
| ശ്രീ. അനിൽ .റ്റി.വി. | അസി.എഞ്ചിനീയർ | 17-07-2021 | 26-11-2021 |
| ശ്രീ.ഷിബിൻ രാജ് | അസി.എഞ്ചിനീയർ | 27-11-2021 | 31-03-2022 |
| ശ്രീ.ലെനീഷ്.വി.എൻ | അസി. സെക്രട്ടറി. | 01-04-2021 | 29-01-2022 |
| ശ്രീ.രമേഷ് കുമാർ.എം. | അസി. സെക്രട്ടറി | 30-01-2022 | 31-03-2022 |
| ശ്രീമതി. ബേബി കെ. കേലത്ത് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 01-06-2021 |
| ശ്രീമതി. സുജ.കെ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 02-06-2021 | 31-03-2022 |
| ഡെ. മരിയ ലൂക്കോസ്. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ജ്യൂഡ് ജോസ് തോംസൺ | മെഡിക്കൽ ഓഫീസർ (അലോപ്പതി.) | 01-04-2021 | 31-01-2022 |
| ഡോ.ജോജോ ജോൺ | മെഡിക്കൽ ഓഫീസർ (അലോപ്പതി.) | 01-02-2022 | 31-03-2022 |
| ഡോ. സുനിത കുമാരി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ശ്രീജ. ജെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 11-05-2021 |
| ഡോ.ശ്രീരാജ്. എം. | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (ആയുർവ്വേദം) | 12-05-2021 | 31-03-2022 |
| ശ്രീ.ബാലൻ .കെ. | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. സൗദാമിനി. എൻ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്ത്.യു.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2021 | 31-03-2022 |
| ശ്രീ.അഭിജിത്ത് .കെ.ദീപക്ക് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 07-11-2021 |
| ശ്രീ. ജയപ്രകാശ്.സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-11-2021 | 31-03-2022 |
| ശ്രീ.രജീഷ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ദീപാ ജയൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

-

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | പെർമിറ്റ് - അപാകതകൾ | 1-11 |
| 13 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-12 |
| 14 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 1-12-1 |
| 15 | വസ്തുനികുതി കുറവായി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം | 1-12-2 |
| 16 | തെറ്റായഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിൻമൂലം നികുതി നഷ്ടം | 1-12-3 |
| 17 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-13 |
| 18 | ജി.എസ്.ടി ടിഡിഎസ് തുക ഈടാക്കിയിട്ടില്ല. | 1-14 |
| 19 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 20 | കറവപശു വിതരണം (വനിത) – അക്കൗണ്ട് നമ്പർ മാറി തുക അനുവദിച്ചിരിക്കുന്നു | 1-16 |
| 21 | കൃഷി ഓഫീസിലേയ്ക്ക് കണ്ടിജൻസി ചെലവുകൾ - വികസന ഫണ്ട് ഉപയോഗിച്ചിരിക്കുന്നു | 1-17 |
| 22 | പുതിയ പദ്ധതികൾ - മുൻവർഷങ്ങളിലെ പഴയ ഇൻവോയ്സുകൾ മാറി നൽകിയിരിക്കുന്നു | 1-18 |
| 23 | പട്ടികജാതി/പട്ടികവർഗ്ഗ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - മുഴുവൻ ലാപ്ടോപ്പുകളും വിതരണം ചെയ്തിട്ടില്ല | 1-19 |
| 24 | കാരറ, അഗളി സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - സ്റ്റോക്ക്, വിതരണ | 1-20 |

| | | |
|---|---|---|
| | രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | |
| 25 | തേനീച്ച വളർത്തൽ (വനിത) – മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-21 |
| 26 | സുഭിക്ഷ കേരളം തരിശുകൃഷി പ്രോത്സാഹനം പദ്ധതികൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-22 |
| 27 | പട്ടികവർഗ്ഗ/പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - സ്റ്റോക്ക്, വിതരണ രേഖകൾ ലഭ്യമല്ല | 1-23 |
| 28 | സുഭിക്ഷ കേരളം ഇടവിളകൃഷി പ്രോത്സാഹനം കിഴങ്ങ് വർഗങ്ങൾ - വാഴകൃഷി ചെയ്യുന്നതിന് ആനുകൂല്യം നൽകിയിരിക്കുന്നു | 1-24 |
| 29 | കുറുമ്പ പട്ടികവർഗ്ഗ സേവന സഹകരണ സംഘത്തിന് വിഹിതം നൽകൽ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധം | 1-26 |
| 30 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല | 1-27 |
| 31 | അഗളി ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ | 1-28 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-29 |
| 33 | സെക്രട്ടറി പദ്ധതി നിർവ്വഹണം - ആദായ നികുതി കുറവ് ചെയ്തിട്ടില്ല. | 1-30 |
| 34 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല. | 1-31 |
| 35 | MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലൈയറിൽ നിന്ന് നികുതികൾ ഈടാക്കി അടവാക്കിയിട്ടില്ല. | 1-32 |
| 36 | കുടിവെള്ള പ്രോജക്ടുകളിൽ അർഹതാ മാനദണ്ഡങ്ങൾ പരിഗണിക്കാതെ സ്വകാര്യ വ്യക്തികൾക്ക് വാട്ടർ കണക്ഷൻ നൽകിയിരിക്കുന്നു. | 1-33 |
| 37 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. | 1-34 |
| 38 | മരാമത്ത് പ്രവൃത്തികളുടെ രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലികമാക്കിയിട്ടില്ല/സൂക്ഷിച്ചിട്ടില്ല | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

20.02.2021 തിയതിയിലെ തീരുമാനം 1(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവുകളും ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|
| 1 | മുന്നിരിപ്പ് | 37,168,063 | 25535746.57 |
| 2 | വരവ് | 517,534,074 | 242267810.00 |
| 3 | ആകെ | 554,702,137 | 267803556.57 |
| 4 | ചെലവ് | 550,630,654 | 211168711.00 |
| 5 | നീക്കിയിരുപ്പ് | 4,071,483 | 56634845.57 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും, ബജറ്റ് പ്രകാരം ഉള്ള കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. 17.03.2022 ലെ 1(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുന്നതിന് തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് പുനസമർപ്പിച്ച തിയതി |
|---|---|---|---|
| 31-07-2022 | 20.08.2022 | 22.08.2022 | 14.02.2023 |

വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ ചുവടെചേർക്കുന്നു

1) MNREGS നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പും, MNREGS ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പ് (B-4) | 82749രൂപ |
|---|---|---|
| 1 | MNREGS ക്യാഷ് ബുക്ക് പ്രകാരം | 319 രൂപ |
| 2 | വ്യത്യാസം | 82430രൂപ |

2) ലൈഫ് ഭവന പദ്ധതിക്കായി മുൻവർഷങ്ങളിലും , ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി തൻവർഷത്തിലും KURDFC യിൽ നിന്നും രണ്ട് വായ്പകൾ ഗ്രാമപഞ്ചായത്ത് എടുത്തിട്ടുണ്ട് എന്നാൽ ബാലൻസ്ഷീറ്റിൽ ((B-5) രണ്ട് വായ്പാ തുകകളും ഒന്നിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത് . വ്യത്യസ്ത പ്രോജക്ടുകൾക്കുവേണ്ടി എടുത്തിട്ടുള്ള വായ്പകൾ പ്രത്യേകം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം ലഭ്യമാക്കേണ്ട താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62ഇ, ചട്ടം 62എഫ്- അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ്

നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ , അടിസ്ഥാന അനുപാതങ്ങൾ തുടങ്ങിയവ.
ബി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
സി) ചട്ടം 62(4)- പ്രകാരം അക്കൗണ്ട്സ് പ്രകാരമുള്ള എല്ലാ തുകകളും അടുത്ത പൂർണ്ണസംഖ്യയിലേക്ക് ക്രമീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25535746.57 |
| വരവ് | 242267810.00 |
| ആകെ | 267803556.57 |
| ചെലവ് | 211168711.00 |
| നീക്കിയിരിപ്പ് | 56634845.57 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 48206532 | 48206532 | 48180806 | 25726 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 3264001 | 3264001 | 2709548 | 554453 |
| വികസന ഫണ്ട്-ടി എസ്.പി | 0 | 31300626 | 31300626 | 26223014 | 5077612 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 26623000 | 26623000 | 22041187 | 4581813 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 10907368 | 10907368 | 5062015 | 5845353 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Treasury) | 0 | 4104402 | 4104402 | 1729470 | 2374932 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Bank) | 0 | 17012000 | 17012000 | 3913286 | 13098714 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied Bank) | 0 | 11579976 | 11579976 | 10882671 | 697305 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied Treasury) | 0 | 1989297 | 1989297 | 674836 | 1314461 |
| ICDS | 2,514,825.00 | 1577407 | 4092232 | 1429367 | 2662865 |
| ശുചിത്വ മിഷൻ | 5,100,396.00 | 200000 | 5300396 | 3267560 | 2032836 |
| TSC | 126,844.00 | 4327 | 131171 | 0 | 131171 |
| LIFE | 3,200,000.00 | 31600000 | 34800000 | 9300000 | 25500000 |
| ജലനിധി | 324,088.00 | 2568354 | 2892442 | 2114185 | 778257 |
| വിമുക്തി, ചിയാക്ക് | 2,004,092.00 | 0 | 2,004,092.00 | 1986167 | 17925 |
| MNREGS | 5435 | 259996300 | 260001735 | 259918986 | 82749 |

| | | | | | |
|---|---|---|---|---|---|
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 0 | 30000 | 0 | 30000 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക 2785800 രൂപ, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് 9914668 രൂപ എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 12700468 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 1099999 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 35200 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - TSP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 333 | 414598534 | 227 | 173921071 | 0 | 106 | 68 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവ് % |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 906000 | 200411 | 22 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| കൃഷി ഓഫീസർ | 26 | 23 | 9645058 | 7935100 | 82 |
| സെക്രട്ടറി | 65 | 42 | 55618193 | 33738410 | 61 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 9250000 | 7020000 | 76 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 19 | 15 | 219947959 | 54253000 | 25 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 1 | 1 | 500000 | 500000 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2000000 | 2000000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 12909321 | 10409833 | 81 |
| മെഡിക്കൽ ഓഫീസർ- CHC | 4 | 4 | 1830000 | 1750962 | 96 |

| | | | | | |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 5 | 5 | 8021749 | 6538322 | 82 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 191 | 116 | 89073204 | 46092292 | 52 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 4297050 | 2882741 | 67 |
| ആകെ | 333 | 227 | 414598534 | 173921071 | 42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5435 | 1984991 | 1990426 | 1907677 | 82749 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകിയത് | 0 | 258011309 | 258011309 | 258011309 | 0 |
| ആകെ | 5435 | 259996300 | 260001735 | 259918986 | 82749 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത വിവിധ ക്ഷേമ പദ്ധതികളുടെ തുകകളുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,808,600.00 | 123 |
| വിധവാപെൻഷൻ | 27,856,400.00 | 1482 |
| വാർദ്ധക്യകാലപെൻഷൻ | 43,982,500.00 | 3313 |
| വികലാംഗപെൻഷൻ | 6,436,600.00 | 450 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60,000.00 | 2 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 414,400.00 | 27 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-03-2023 തിയ്യതിയിൽ ഉച്ചക്ക് 01.00ന് സ്ഥാപനത്തിലെ അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,504/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച്പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

5.സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ അതാത് വർഷം തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6.ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.
7.പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കോണ്ടതാണ്.
8.നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന രീതിയിൽ തൊഴിൽനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2009-10 മുതൽ 2013-14 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 19.04.2014 മുതൽ 06.05.2014 വരെ നടത്തിയിട്ടുണ്ട്. . 01.11.2022 മുതൽ 30.11.2022 വരെയുള്ള കാലയളവിലെ പെർഫോമൻസ് ഓഡിറ്റ് 21.12.2022 ന് നടത്തിയിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല. ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ ഒന്നുമില്ല

## 1-11 പെർമിറ്റ് - അപാകതകൾ

പെർമിറ്റ് രജിസ്റ്റർ - വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല .

തൻവർഷം പെർമിറ്റ് ഫീസ് ഇനത്തിൽ 295116രൂ. വാർഷിക കണക്കുകൾ പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം പെർമിറ്റിനായി അപേക്ഷ ലഭിച്ചതിന്റെയും , പെർമിറ്റ് അനുവദിച്ചതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ പെർമിറ്റ് അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ, സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നുണ്ടോ എന്നത് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.
പെർമിറ്റ് ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം .

പെർമിറ്റ് അനുവദിക്കുന്നതിനുള്ള സങ്കേതം സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 2021-22 വർഷം 92 പെർമിറ്റ് അപേക്ഷകൾ തീർപ്പാകാതെ ശേഷിക്കുന്നതായി കാണുന്നു. ഇവയിൻമേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 30.03.2023ന് 25-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

## 1-12 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

2021-22 വർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയൽ, വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയവ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-12-1 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ, കൂടിയ നിരക്ക് 25 രൂപ). എന്നാൽ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-12-2 വസ്തുനികുതി കുറവായി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം

വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ,

ഷോപ്പുകൾ, ഗോഡൗൺ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40/- രൂപയും 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2021-22 വർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ പരിശോധിച്ചപ്പോൾ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമ | വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി 40/- രൂപ നിരക്കിൽ | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി 50/- രൂപ നിരക്കിൽ |
|---|---|---|---|---|
| 9/1207 | മോഹൻരാജ് | 131 M2 | 40x131= 5240 | 50 X 131 = 6550 |

ഇവ പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ മാറ്റങ്ങൾ വരുത്തി നികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 30.03.2023ന് 25-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

### 1-12-3 തെറ്റായഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിൻമൂലം നികുതി നഷ്ടം

വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴിവളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടികച്ചൂള, തടിമിൽ എന്നീ ഗണത്തിൽപ്പെടുന്നവയ്ക്ക് ചതുരശ്രമീറ്ററിന് 10/- രൂപയാണ് വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

എന്നാൽ ഈ ഗണത്തിൽപ്പെടാത്ത താഴെ പറയുന്ന സ്ഥാപനങ്ങളെ വ്യവസായത്തിനാവശ്യമുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഗണത്തിൽപ്പെടുത്തി 10 /- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നം | കെട്ടിട നമ്പർ | നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനം | വസ്തുനികുതി നിർണ്ണയിച്ചത് |
|---|---|---|---|
| 1 | 3/137 | ക്ഷീര വ്യവസായ സഹകരണ സംഘം | 10 /- രൂപ നിരക്കിൽ |
| 2 | 7/188 | മിൽക്ക് ചില്ലിംഗ് പ്ലാന്റ് | , |
| 3 | 14/21 | പാൽ സൊസൈറ്റി | , |
| 4 | 14/258 | പാൽ സൊസൈറ്റി | , |
| 5 | 15/221 | പാൽ സൊസൈറ്റി | , |
| 6 | 16/554 | പാൽ സൊസൈറ്റി | , |
| 7 | 17/151 | പാൽ സൊസൈറ്റി | , |
| 8 | 17/152 | പാൽ സൊസൈറ്റി | , |
| 9 | 17/153 | പാൽ സൊസൈറ്റി | , |
| 10 | 18/513 | പാൽ സൊസൈറ്റി | , |

മേൽ സ്ഥാപനങ്ങളെ ഇതര വ്യവസായം എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിന് പകരം വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ് എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി

നിർണ്ണയിച്ചതിൻമൂലം നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു. മേൽ സ്ഥാപനങ്ങൾ പരിശോധിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് 30.03.2023ന് 25-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

1-13 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, കാററ | 2nd Half |
| 2 | റേഞ്ച് ഫോറസ്റ്റ് ഓഫീസ്, അഗളി | 2nd Half |
| 3 | പള്ളിയറ ആപ്കോസ് | 2nd Half |
| 4 | സൈലന്റെ വാലി നാഷനൽ പാർക്ക് മുക്കാലി റേഞ്ച് | 2nd Half |
| 5 | ഭവാനി ഫോറസ്റ്റ് റേഞ്ച് | 2nd Half |
| 6 | സബ് പോസ്റ്റ് ഓഫീസ് അഗളി | 2nd Half |

കൂടാതെ പഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാർ, റേഷൻ കട നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതിഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 30.03.2023ന് 25-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. തൊഴിൽനികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-14 ജി.എസ്.ടി ടിഡിഎസ് തുക ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട്, അടങ്കൽ, ചെലവ് | 1) 07/22- അനുപൂരക പോഷകാഹാരം (എസ്.സി.പി)<br>അടങ്കൽ-5,00,000/-<br>ചെലവ്-4,74,687<br>2) 06/22-അനുപൂരക പോഷകാഹാരം (ടി.എസ്.പി)<br>അടങ്കൽ- 28,00,000/-<br>ചെലവ്-27,97,612<br>03)05/22-അനുപൂരക പോഷകാഹാരം ( ജനറൽ)<br>അടങ്കൽ-72,50,000/- (44,50,000/- വികസന ഫണ്ട് + 28,00,000/- കേന്ദ്രാവിഷ്കൃത ഫണ്ട്) |

| | |
|---|---|
| | ചെലവ്-58,49,387/- (44,20,020/- വികസന ഫണ്ട് + 14,29,367/- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

മൂന്ന് പ്രൊജക്ടുകളിലായി അങ്കണവാടി പോഷകാഹാരത്തിനായി 91,21,686/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിനായി തേജസ് അമൃതം ഫുഡ്സ് , താവളം എന്ന സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് 30.03.2023ന് 24-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ആദ്യ ഗഡു നൽകിയിട്ടും തുടർ നടപടി സ്വീകരിക്കാത്ത 40 ഓളം എസ് ടി ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ഐഡി നം.) | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | അംബിക W/o മണികണ്ഠൻ, നരസിമുക്ക് (ഐഡി നം. 917885) | 50000 | 550000 | 29.03.2021 |

| | | | | |
|---|---|---|---|---|
| 2 | ശ്രീദേവി W/o അനീഷ്, ദുണ്ടൂർ ഊര് (ഐഡി നം. 917870) | 50000 | 550000 | 29.03.2021 |
| 3 | അനീഷ് S/o വീരൻ, വണ്ടൻപാറ ഊര് (ഐഡി നം. 921574) | 50000 | 550000 | 29.03.2021 |
| 4 | അനിത W/o അയ്യപ്പൻ, മൂച്ചിക്കടവ് (ഐഡി നം. 918562) | ,, | ,, | ,, |
| 5 | അശ്വതി W/o സന്തോഷ്, കരുവാര ഊര് (ഐഡി നം. 919531) | ,, | ,, | ,, |
| 6 | ബാബു S/o ദുൻഡൻ, കൃഷ്ണപുരത്ത് (ഐഡി നം. 919884) | ,, | ,, | 23.10.2021 |
| 7 | ബാലകൃഷ്ണൻ S/o ശിവൻ, പോത്തുപ്പാടി (ഐഡി നം. 919886) | ,, | ,, | ,, |
| 8 | ഭഗവതി W/o സുരേഷ്, പോത്തുപ്പടി (ഐഡി നം. 919585) | ,, | ,, | 13.01.2022 |
| 9 | ബിജു S/0 ജല്ലൻ, മേലേക്കണ്ടിയൂർ (ഐഡി നം. 916677) | ,, | ,, | 07.10.2021 |
| 10 | ബിന്ധ്യ W/o പഴനിസ്വാമി, നക്കുപ്പതി ഊര് (ഐഡി നം. ) | ,, | ,, | 29.03.2021 |
| 11 | ദേവകി W/o | ,, | ,, | ,, |

| | | | | |
|---|---|---|---|---|
| | രാജൻ, അമ്പലംകുന്ന് (ഐഡി നം. 919816) | | | |
| 12 | ധന്യ W/o ശരത്കൃഷ്ണൻ, (ഐഡി നം. 927172) | ” | ” | ” |

മേൽപറഞ്ഞ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/29.03.2023) വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി നൽകുവാനുള്ള തുക അനുവദിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 കറവപശു വിതരണം (വനിത) – അക്കൗണ്ട് നമ്പർ മാറി തുക അനുവദിച്ചിരിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 176/22, കറവപശു വിതരണം (വനിത) |
| അടങ്കൽ | 4000000 രൂപ (വികസന ഫണ്ട് (ജനറൽ) – 2000000, മറ്റുള്ളവ – 2000000) |
| ചെലവ് | 3450000 രൂപ (വികസന ഫണ്ട് (ജനറൽ) – 1725000, മറ്റുള്ളവ – 1725000) |
| നിർവഹണം | വെറ്ററിനറി സർജൻ |

മേൽ പദ്ധതി പ്രകാരം 69 ജനറൽ ഗുണഭോക്താക്കൾക്ക് 50% സബ്സിഡിയോടെ 50000 രൂപ വിലയുള്ള കറവ പശു വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതികളുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. രതകുമാരി ഹരിദാസ്, കയറുംകൊട്ടിൽ എന്ന ഗുണഭോക്താവിന്റെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നസീമ ഷഹനവാസ് (അക്കൗണ്ട് നം. 0773101013406, കാനറ ബാങ്ക്) എന്നവരാണ് ഗുണഭോക്താവിന് പശുവിനെ വിറ്റതായി കാണുന്നത്. എന്നാൽ ബിൽ (നം. 04/21-22/19.02.2022) പ്രകാരം പശുവിന്റെ സബ്സിഡി തുകയായ 25000 രൂപ ബാബു പി എ (അക്കൗണ്ട് നം. 67261001315, എസ് ബി ഐ) എന്നവരുടെ അക്കൗണ്ടിലേക്കാണ് മാറി നൽകിയിട്ടുള്ളത്. പശുവിനെ വിറ്റ നസീമ ഷഹനവാസ് (അക്കൗണ്ട് നം. 0773101013406, കാനറ ബാങ്ക്) എന്നവർക്ക് തുക മാറി നൽകാതെ ബാബു പി എ (അക്കൗണ്ട് നം. 67261001315, എസ് ബി ഐ) എന്നവർക്ക് തുക മാറി നൽകിയതിനുള്ള കാരണം വ്യക്തമല്ല.

2. പദ്ധതി പ്രകാരം തുക മാറി നൽകിയ അക്കൗണ്ട് നമ്പറും ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കറവപ്പശു വിറ്റയാളുടെ ബാങ്ക് അക്കൗണ്ട് നമ്പറും വ്യത്യാസമുള്ളതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കറവപ്പശു വിറ്റയാളുടെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | കലാമണി അർജനൻ, നായ്ക്കർപടി | പുഷ്പരാജ് | ബിൽ (നം. 01/21-22/ 29.01.2022) പ്രകാരമുള്ള അക്കൗണ്ട് നം. – SLO102100010000703 എന്നാൽ ഫയൽ പ്രകാരമുള്ള അക്കൗണ്ട് നം. – 1656101010331, കാനറ ബാങ്ക്<br>അനുവദിച്ച തുക – 25000 രൂപ |

| | | | |
|---|---|---|---|
| 2 | രാജേശ്വരി ആറുച്ചാമി, വടകോട്ടത്തറ | ,, | ബിൽ (നം. 04/21-22/ 19.02.2022) പ്രകാരമുള്ള അക്കൗണ്ട് നം. - SLO102100010000703 എന്നാൽ ഫയൽ പ്രകാരമുള്ള അക്കൗണ്ട് നം. - 1656101010331, കാനറ ബാങ്ക്<br>അനുവദിച്ച തുക – 25000 രൂപ |
| 3 | അമൃതാ ശെൽവരാജ്, വടകോട്ടത്തറ | ,, | ബിൽ (നം. 12/21-22/ 26.03.2022) പ്രകാരമുള്ള അക്കൗണ്ട് നം. - SLO102100010000703 എന്നാൽ ഫയൽ പ്രകാരമുള്ള അക്കൗണ്ട് നം. - 1656101010331, കാനറ ബാങ്ക്<br>അനുവദിച്ച തുക – 25000 രൂപ |

ബിൽ പ്രകാരം തുക മാറി നൽകിയ അക്കൗണ്ട് നമ്പറും ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കറവപ്പശു വിറ്റയാളുടെ ബാങ്ക് അക്കൗണ്ട് നമ്പറും വ്യത്യാസം വന്നതിനുള്ള കാരണം വ്യക്തമല്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/20.03.2023) വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. രത്നകുമാരി ഹരിദാസ്, കയറുംകൊട്ടിൽ എന്ന ഗുണഭോക്താവിന് പശുവിനെ വിറ്റ നസീമ ഷഹനവാസ് (അക്കൗണ്ട് നം. 0773101013406, കാനറ ബാങ്ക്) എന്നവർക്ക് തുക മാറി നൽകാതെ ബാബു പി എ (അക്കൗണ്ട് നം. 67261001315, എസ് ബി ഐ) എന്നവർക്ക് തുക മാറി നൽകിയതിനുള്ള കാരണം രേഖകൾ സഹിതം അറിയിക്കുന്നത് വരെ സബ്സിഡിയിനത്തിൽ നൽകിയ 25000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. SLO102100010000703 എന്ന നമ്പറിലുള്ള ബാങ്ക് അക്കൗണ്ട് പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് പശുവിനെ വിറ്റ പുഷ്പരാജിന്റെ ബാങ്ക് അക്കൗണ്ടാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് നൽകുന്നത് വരെ സബ്സിഡിയിനത്തിൽ നൽകിയ 75000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 കൃഷി ഓഫീസിലേയ്ക്ക് കണ്ടിജൻസി ചെലവുകൾ - വികസന ഫണ്ട് ഉപയോഗിച്ചിരിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 453/22, കൃഷി ഓഫീസിലേയ്ക്ക് കണ്ടിജൻസി ചെലവുകൾ |
| അടങ്കൽ | 230000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 230000 രൂപ (വികസന ഫണ്ട് - |

| | |
|---|---|
| | ജനറൽ)<br>1. ബിൽ നം. 37/21-22/26.03.2022 – 130000 രൂപ<br>2. ബിൽ നം. 38/21-22/26.03.2021 – 100000 രൂപ |
| നിർവഹണം | കൃഷി ഓഫീസർ |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 8.8 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കറൻറ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇൻറർനെറ്റ് ചാർജ് തുടങ്ങിയ കണ്ടിജൻസി ചെലവുകൾക്കായി തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാൻ്റ്/മെയിൻ്റനൻസ് ഗ്രാൻ്റ് - നോൺ റോഡ് എന്നിവയിൽ നിന്നും പ്രൊജക്ടുകൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസിലേയ്ക്ക് കണ്ടിജൻസി ചെലവുകൾ എന്ന പദ്ധതി പ്രകാരം വികസന ഫണ്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/29.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ നിർദ്ദേശം പാലിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി പദ്ധതി ആവിഷ്കരിക്കുമ്പോൾ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാൻ്റ്/മെയിൻ്റനൻസ് ഗ്രാൻ്റ് - നോൺ റോഡ് എന്നിവയിൽ നിന്നും തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 പുതിയ പദ്ധതികൾ - മുൻവർഷങ്ങളിലെ പഴയ ഇൻവോയ്സുകൾ മാറി നൽകിയിരിക്കുന്നു

തൻവർഷത്തെ വിവിധ പുതിയ പദ്ധതികൾ പ്രകാരം പഴയ ഇൻവോയ്സുകളുടെ തുകകൾ മാറി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം., പേര് | ബിൽ നം./തീയതി, തുക | റിമാർക്സ് |
|---|---|---|---|
| 1 | 411/22, കുമ്മായ വിതരണം (ജനറൽ) | 26/21-22 /19.03.2022, 11000 രൂപ | കൈകോ ലിമിറ്റഡ്<br>ഇൻവോയ്സ് നം. 22/20-21 /29.05.2020, തുക – 476000 രൂപ<br>കുമ്മായം - 34000 Kg |
| 2 | 424/22, കുരുമുളക് വള്ളി വിതരണം (എസ് ടി) | 30/21-22 /19.03.2022, 17800 രൂപ | വി എഫ് പി സി കെ<br>ഇൻവോയ്സ് നം. SPP/20-21 /1099/24.07.2020, തുക – 177800 രൂപ<br>കുരുമുളക് വള്ളി – 17780 എണ്ണം |
| 3 | 420/22, കുരുമുളക് | 31/21-22 /19.03.2022, | വി എഫ് പി സി കെ<br>ഇൻവോയ്സ് നം. |

| | | | |
|---|---|---|---|
| | വള്ളി വിതരണം (ജനറൽ) | 26700 രൂപ | SPP/20-21 /1100/24.07.2020, തുക – 266700 രൂപ<br>കുരുമുളക് വള്ളി – 26670 എണ്ണം |
| 4 | 442/22, ജൈവ പച്ചക്കറി കൃഷി (ജനറൽ) | 29/21-22 /19.03.2022, 100000 രൂപ | വി എഫ് പി സി കെ ഇൻവോയ്സ് നം. SPP/20-21 /1101/24.07.2020, തുക – 300000 രൂപ<br>ഗ്രോബാഗ് – 3750 എണ്ണം |
| 5 | 429/22, ജാതിതൈ വിതരണം (ജനറൽ) | 28/21-22 /19.03.2022, 151000 രൂപ | വി എഫ് പി സി കെ ഇൻവോയ്സ് നം. SPP/20-21 /1622/04.12.2020, തുക – 500000 രൂപ<br>ജാതിതൈ – 2000 എണ്ണം |
| ആകെ ചെലവ് | | 306500 രൂപ | |

നിർവഹണം – കൃഷി ഓഫീസർ

തൻവർഷം പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി മേൽ പദ്ധതികൾ നടപ്പിലാക്കാതെ കൈകോ ലിമിറ്റഡ്, വി എഫ് പി സി കെ എന്നിവയിൽ നിന്നുള്ള മുൻ വർഷങ്ങളിലെ ഇൻവോയ്സ് പ്രകാരമുള്ള കുടിശ്ശിക തുകകൾ മാറി നൽകുവാനായി പദ്ധതികൾ പ്രകാരമുള്ള മുഴുവൻ തുകയും വിനിയോഗിച്ചതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/29.03.2023) കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

തൻവർഷം പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി മേൽ പദ്ധതികൾ നടപ്പിലാക്കാതെ കൈകോ ലിമിറ്റഡ്, വി എഫ് പി സി കെ എന്നിവയിൽ നിന്നുള്ള മുൻ വർഷങ്ങളിലെ ഇൻവോയ്സ് പ്രകാരമുള്ള തുകകൾ മാറി നൽകുവാനായി പദ്ധതികൾ പ്രകാരമുള്ള മുഴുവൻ തുകയും വിനിയോഗിച്ചതിനുള്ള കാരണം രേഖകൾ സഹിതം അറിയിക്കുന്നത് വരെ ഈ ഇനത്തിലുള്ള 306500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പട്ടികജാതി/പട്ടികവർഗ്ഗ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - മുഴുവൻ ലാപ്ടോപ്പുകളും വിതരണം ചെയ്തിട്ടില്ല

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 361/22, പട്ടികവർഗ്ഗ ബിരുദ ബിരുദാനന്തര വിദ്യാർത്ഥിനികൾക്ക് | 510000 രൂപ (വികസന ഫണ്ട് – | ബിൽ നം. 05/21.12.2021 – 462893 രൂപ | കെൽട്രോണിന്റെ ഇൻവോയ്സ് നം. 30699/20-21 |

| | | | | |
|---|---|---|---|---|
| | ലാപ്ടോപ്പ് വാങ്ങി നൽകൽ | ടി എസ് പി) | | /09.10.2021 പ്രകാരം 17 ലാപ്ടോപ്പുകൾ ലഭിച്ചിട്ടുണ്ട്. |
| 2 | 42/22, ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (എസ് ടി) | 1050000 രൂപ (വികസന ഫണ്ട് – ടി എസ് പി) | ബിൽ നം. 02/21.10.2021 – 953015 രൂപ | കെൽട്രോണിന്റെ ഇൻവോയ്സ് നം. 30190/20-21 /29.09.2021 പ്രകാരം 35 ലാപ്ടോപ്പുകൾ ലഭിച്ചിട്ടുണ്ട്. |
| 3 | 359/22, പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ | 210000 രൂപ (വികസന ഫണ്ട് – എസ് സി പി) | ബിൽ നം. 04/21.10.2021 – 190603 രൂപ | കെൽട്രോണിന്റെ ഇൻവോയ്സ് നം. 30464/20-21 /05.10.2021 പ്രകാരം 7 ലാപ്ടോപ്പുകൾ ലഭിച്ചിട്ടുണ്ട്. |
| 5 | 48/22, ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (എസ് സി) | 300000 രൂപ (വികസന ഫണ്ട് – എസ് സി പി) | ബിൽ നം. 03/21.10.2021 – 272290 രൂപ | കെൽട്രോണിന്റെ ഇൻവോയ്സ് നം. 30700/20-21 /09.10.2021 പ്രകാരം 10 ലാപ്ടോപ്പുകൾ ലഭിച്ചിട്ടുണ്ട്. |

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി ആകെ 52 ലാപ്ടോപ്പുകളും പട്ടികജാതി ബിരുദ്ധ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി ആകെ 17 ലാപ്ടോപ്പുകളും കെൽട്രോൺ മുഖേന വാങ്ങിയിട്ടുണ്ട്. ഇവയുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പട്ടികവർഗ്ഗ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി വാങ്ങിയ 2 ലാപ്ടോപ്പുകളും പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി വാങ്ങിയ 5 ലാപ്ടോപ്പുകളും വിതരണം ചെയ്യാതെ സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റോക്കിൽ ബാക്കിയുള്ള ലാപ്ടോപ്പുകൾ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുവാൻ സ്വീകരിച്ചിട്ടുള്ള മേൽനടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/29.03.2023) വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സ്റ്റോക്കിൽ ബാക്കിയുള്ള 7 ലാപ്ടോപ്പുകളും ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകി വിവരം രേഖകൾ സഹിതം അറിയിക്കുന്നത് വരെ ഈ ഇനത്തിലുള്ള 190603 (7x27229) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 കാരറ, അഗളി സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - സ്റ്റോക്ക്, വിതരണ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 317/22, കാരറ അഗളി സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ |
| അടങ്കൽ | 1250000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ബിൽ നം. 02/21-22/17.08.2021 - 1240770 രൂപ |
| നിർവഹണം | ഹെഡ് മാസ്റ്റർ |

മേൽ പദ്ധതി പ്രകാരം ആർട്കോ ലിമിറ്റഡിൽ നിന്നും 1240770 രൂപയുടെ ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. 422/22.03.2021). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | തുക (18% ജി എസ് ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | Steel Desk | 27 | 114696 |
| 2 | Steel Bench | 27 | 114696 |
| 3 | Cobined Desk With Bench | 80 | 764640 |
| 4 | Baby Plastic Chair With Arm | 40 | 16992 |
| 5 | Teachers Table | 20 | 99120 |
| 6 | S Type Chair Cushioned | 30 | 130626 |
| ആകെ തുക | | | 1240770 |

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി ഡി എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ

എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കാതെ ഇൻവോയ്സ് പ്രകാരമുള്ള ജി എസ് ടി ഉൾപ്പെടെയുള്ള മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു.

2. വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും, ആയത് അതാത് സ്കൂളുകളിലേക്ക് വിതരണം ചെയ്തതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/29.03.2023) ഹെഡ് മാസ്റ്റർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2. ആർട്കോ ലിമിറ്റഡിൽ നിന്നും 1240770 രൂപയുടെ ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും, ആയത് അതാത് സ്കൂളുകളിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ, കൈപ്പറ്റ് രസീതികൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിലുള്ള 1240770 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 തേനീച്ച വളർത്തൽ (വനിത) – മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 109/22, തേനീച്ച വളർത്തൽ (വനിത) |
| അടങ്കൽ | 140000 രൂപ (വികസന ഫണ്ട് - 100000, മറ്റുള്ളവ - 40000) |
| ചെലവ് | ബിൽ നം. 45/21-22/30.03.2022 - 18000 രൂപ (വികസന ഫണ്ട് - ജനറൽ) |
| നിർവഹണം | കൃഷി ഓഫീസർ |

മേൽ പദ്ധതി പ്രകാരം റൈഡ്കോയിൽ നിന്നും 15 യൂണിറ്റ് തേനീച്ചക്കൂട് വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. MKD/378/21-22/27.03.2022, തുക – 30000 രൂപ). പദ്ധതികളുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ (സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ, തീയതി 14.02.2018) ഖണ്ഡിക 6.1.29 പ്രകാരം തേനീച്ച വളർത്തൽ പദ്ധതിയിലെ ജനറൽ വിഭാഗത്തിന് 60% സബ്സിഡിയും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് 75% സബ്സിഡിയും അനുവദിക്കാവുന്നതാണ്. എന്നാൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നടപ്പിലാക്കിയിട്ടുള്ള പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം റൈഡ്കോയ്ക്ക് നൽകിയതിന്റെ രേഖകൾ ഫയലിൽ കാണുന്നില്ല.

2. സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ (സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ, തീയതി 14.02.2018) ഖണ്ഡിക 6.1.29 പ്രകാരം തേനീച്ച വളർത്തൽ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പരിശീലനം

നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/29.03.2023) കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ഗുണഭോക്തൃ വിഹിതം റൈഡ്കോയ്ക്ക് നൽകിയതിന്റെ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തേനീച്ച വളർത്തൽ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സുഭിക്ഷ കേരളം തരിശുകൃഷി പ്രോത്സാഹനം പദ്ധതികൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 327/22, സുഭിക്ഷ കേരളം തരിശ് ഭൂമിയിൽ വാഴകൃഷി (സ്പിൽ ഓവർ) | 600000 രൂപ (വികസന ഫണ്ട് - ജനറൽ) | 600000 രൂപ (വികസന ഫണ്ട് - ജനറൽ)<br>1. ബിൽ നം. 03/21-22 /12.10.2021 - 60000 രൂപ<br>2. ബിൽ നം. 04/21-22 /12.10.2021 - 540000 രൂപ | പദ്ധതി പ്രകാരം 40 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |
| 2 | 329/22, സുഭിക്ഷ കേരളം തരിശ് ഭൂമിയിൽ കിഴങ്ങ്കൃഷി (സ്പിൽ ഓവർ) | 750000 രൂപ (വികസന ഫണ്ട് - ജനറൽ) | 750000 രൂപ (വികസന ഫണ്ട് - ജനറൽ)<br>1. ബിൽ നം. 01/21-22 /12.10.2021 - 279000 | പദ്ധതി പ്രകാരം 90 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | രൂപ<br>2. ബിൽ നം. 05/21-22 /12.10.2021 – 222000 രൂപ<br>3. ബിൽ നം. 15/21-22 /09.12.2021 – 179400 രൂപ<br>4. ബിൽ നം. 18/21-22 /15.02.2022 – 69600 രൂപ | |
| 3 | 328/22, സുഭിക്ഷ കേരളം തരിശുകൃഷി പ്രോത്സാഹനം പയറു വർഗ്ഗങ്ങൾ (സ്പിൽ ഓവർ) | 300000 രൂപ (വികസന ഫണ്ട് – ജനറൽ) | 300000 രൂപ (വികസന ഫണ്ട് – ജനറൽ)<br>1. ബിൽ നം. 02/21-22 /12.10.2021 – 234000 രൂപ<br>2. ബിൽ നം. 10/21-22 /09.12.2021 – 66000 രൂപ | പദ്ധതി പ്രകാരം 33 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാനദണ്ഡം സ.ഉ(സാധാ)നം 1009/2020 ത.സ്വഭ.വ തീയതി 29.05.2020 പ്രകാരം തരിശുകൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കിയിട്ടുള്ള മേൽ പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സുഭിക്ഷ കേരളം പദ്ധതി പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാനദണ്ഡം സ.ഉ(സാധാ)നം 1009/2020 ത.സ്വഭ.വ തീയതി 29.05.2020 പ്രകാരമുള്ള ഖണ്ഡിക 2.2.1 അനുസരിച്ച് 3 വർഷത്തിലധികമായി

കാർഷിക പ്രവത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയാണെന്നും കൃഷിക്ക് അനുയോജ്യമാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിലെ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കൃഷി അസിസ്റ്റന്റിന്റെ പരിശോധനാ റിപ്പോർട്ടോ, കൃഷി ഓഫീസറുടെ ശുപാർശയോ ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്. തരിശ് ഭൂമിയാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമുള്ളവർക്കാണ് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകേണ്ടത്. എന്നാൽ സുഭിക്ഷ കേരളം തരിശ് ഭൂമിയിൽ വാഴകൃഷി (സ്പിൽ ഓവർ) പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ പാട്ടകൃഷി ചെയ്യുന്ന അബ്ദുൾ കരീം അബ്ദുള്ള എന്ന മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് സ്വദേശിക്ക് (ആധാർ നം. 637302779427) ആനുകൂല്യം നൽകിയതായി കാണുന്നു.

3. പട്ടികയിലെ ക്രമ നം. 1, 2 എന്നീ പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വരവ് ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/29.03.2023) തരിശുഭൂമിയാണെന്ന് പരിശോധിച്ചാണ് ആനുകൂല്യങ്ങൾ നൽകിയതെന്നും ആയതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കാൻ വിട്ടുപോയതാണെന്നും പഞ്ചായത്ത് പരിധിയിൽ പാട്ടകൃഷി ചെയ്യുന്നതിനാലാണ് അബ്ദുൾ കരീം അബ്ദുള്ള എന്നവർക്ക് ആനുകൂല്യം നൽകിയതെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. സുഭിക്ഷ കേരളം തരിശുകൃഷി പ്രോത്സാഹനം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അപേക്ഷ പ്രകാരമുള്ള സ്ഥലം പരിശോധിച്ച് 3 വർഷത്തിലധികമായി കാർഷിക പ്രവത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയാണെന്നും കൃഷിക്ക് അനുയോജ്യമാണെന്നും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതും രേഖകൾ ഫയലിൽ സൂക്ഷിക്കുയും ചെയ്യേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമുള്ളവർക്ക് മാത്രം പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പട്ടികയിലെ ക്രമ നം. 1, 2 എന്നീ പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വരവ് ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-23 പട്ടികവർഗ്ഗ/പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - സ്റ്റോക്ക്, വിതരണ രേഖകൾ ലഭ്യമല്ല</u>

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 315/22, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്പിൽ | 495900 രൂപ (വികസന ഫണ്ട് - ടി എസ് | ബിൽ നം. 08/27.03.2022 - 492980 രൂപ | സിഡ്കോയുടെ ഇൻവോയ്സ് നം. PKD/21-22 /102/09.03.2022 പ്രകാരം 99 |

| | | | | |
|---|---|---|---|---|
| | ഓവർ) | പി) | | മേശയും കസേരയും ലഭിച്ചിട്ടുണ്ട്. |
| 2 | 316/22, പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്പിൽ ഓവർ) | 108750 രൂപ (വികസന ഫണ്ട് – എസ് സി പി) | ബിൽ നം. 09/27.03.2022 – 104572 രൂപ | സിഡ്കോയുടെ ഇൻവോയ്സ് നം. PKD/21-22 /103/09.03.2022 പ്രകാരം 21 മേശയും കസേരയും ലഭിച്ചിട്ടുണ്ട്. |

നിർവഹണം – ഹെഡ് മാസ്റ്റർ

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനുള്ള 99 മേശയും കസേരയും, പട്ടികജാതി വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനുള്ള 21 മേശയും കസേരയും സിഡ്കോ മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്തതിന്റെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/29.03.2023) ഹെഡ് മാസ്റ്റർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സിഡ്കോയിൽ നിന്നും ലഭിച്ചിട്ടുള്ള മേശകളും കസേരകളും സ്റ്റോക്കിലെടുത്തതിന്റെയും, ആയത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ, കൈപ്പറ്റ് രസീതികൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിലുള്ള 597552 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 സുഭിക്ഷ കേരളം ഇടവിളകൃഷി പ്രോത്സാഹനം കിഴങ്ങ് വർഗങ്ങൾ – വാഴകൃഷി ചെയ്തതിന് ആനുകൂല്യം നൽകിയിരിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 331/22, സുഭിക്ഷ കേരളം ഇടവിളകൃഷി പ്രോത്സാഹനം-കിഴങ്ങ് വർഗങ്ങൾ (സ്പിൽ ഓവർ) |
| അടങ്കൽ | 210000 രൂപ (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 210000 രൂപ (വികസന ഫണ്ട് – ജനറൽ)<br>1. ബിൽ നം. 14/21-22/09.12.2021 – 137200 രൂപ<br>2. ബിൽ നം. 17/21-22/15.02.2022 – 72800 രൂപ |
| നിർവഹണം | കൃഷി ഓഫീസർ |

മേൽ പദ്ധതി പ്രകാരം 35 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതികളുടെ പരിശോധയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ഇടവിളകൃഷി പ്രോത്സാഹനം-കിഴങ്ങ് വർഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം വാഴകൃഷി ചെയ്തവർക്ക്

നൽകിയിരിക്കുന്നു. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. |
|---|---|---|
| 1 | റോസ്സമ്മ കുര്യൻ, പിച്ചനട്ട് | 32933308406, എസ് ബി ഐ |
| 2 | മുഹമ്മദ് ഷംനാദ്, മുട്ടറ | 67241483277, എസ് ബി ഐ |
| 3 | ജോണി പി ജെ, പെരുംമ്പിള്ളിൽ | 0773101005596, കാനറ ബാങ്ക് |
| 4 | ശ്രീകുമാർ വി വി, പുളിമൂട്ടിൽ | 0287053000011197, കാനറ ബാങ്ക് |

ഇടവിളകൃഷി പ്രോത്സാഹനം-കിഴങ്ങ് വർഗങ്ങൾക്ക് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാഴകൃഷി ചെയ്തവർക്ക് ആനുകൂല്യം നൽകുവാനുള്ള കാരണം വ്യക്തമല്ല.

2. പഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമുള്ളവർക്കാണ് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകേണ്ടത്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പാട്ട കൃഷി ചെയ്യുന്ന മുഹമ്മദ് ഷംനാദ് എന്ന കൊല്ലം ജില്ലയിലെ മുട്ടറ സ്വദേശിക്ക് (അക്കൗണ്ട് നം. 67241483277, എസ് ബി ഐ) പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതായി കാണുന്നു.

3. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/29.03.2023) കിഴങ്ങ് വർഗങ്ങൾക്കാണ് അനുകൂല്യം നൽകിയതെന്നും അപേക്ഷയിൽ തെറ്റായി വാഴകൃഷി എന്ന് രേഖപ്പെടുത്തിയതാണെന്നും പഞ്ചായത്ത് പരിധിയിൽ പാട്ടകൃഷി ചെയ്യുന്നതിനാലാണ് മുഹമ്മദ് ഷംനാദ് എന്നവർക്ക് ആനുകൂല്യം നൽകിയതെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഗുണഭോക്താക്കളുടെ അപേക്ഷയിൽ കൃഷി ചെയ്ത ഇനം ഏതാണെന്ന് പരിശോധിച്ച് കൃഷി അസിസ്റ്റന്റ് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനും, ആയത് സാക്ഷ്യപ്പെടുത്തുവാനും കൃഷി ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമുള്ളവർക്ക് മാത്രം പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

### 1-26 കുറുമ്പ പട്ടികവർഗ്ഗ സേവന സഹകരണ സംഘത്തിന് വിഹിതം നൽകൽ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധം

ആനവായ് ചിണ്ടക്കിയിൽ പ്രവർത്തിക്കുന്ന, പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വന ഉല്പന്നങ്ങൾ ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ചിണ്ടക്കി കുറുമ്പ പട്ടികവർഗ്ഗ സേവന സഹകരണ സംഘത്തിന്, വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതുകാരണം സാമ്പത്തിക സഹായം അനുവദിക്കണമെന്ന് 02.03.2021 ലെ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനോട്

ആവശ്യപ്പെടുകയും, 200000 രൂപ താഴെ പറയുന്ന പ്രകാരം സംഘത്തിന്റെ അക്കൌണ്ടിലേക്ക് (അക്കൌണ്ട് നം. 0773101004126 കനറാ ബാങ്ക്) നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | 352/22 ചിണ്ടക്കി കുറുമ്പ പട്ടികവർഗ്ഗ സേവന സഹകരണ സംഘത്തിന് വിഹിതം നൽകൽ |
| അടങ്കൽ | 200000 രൂപ വികസനഫണ്ട് ടി.എസ്.പി |
| ചെലവ് | 200000 രൂപ |
| ബിൽ നം. തീയതി | 42/19.01.2022 |
| നിർവ്വഹണം | സെക്രട്ടറി |

സ.ഉ (കൈ)നം 22/2017/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19-മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.2പ്രകാരം സബ്സിഡി മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, വിഭാഗങ്ങൾക്കോ, സബ്സിഡി നൽകുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ പ്രകാരം ഇപ്രകാരം പ്രോജക്ടുകൾ ചെയ്യുന്നതിന് വ്യവസ്ഥകൾ ഇല്ല. സംഘത്തിന് ധനസഹായം അനുവദിക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തതായി ഫയലിൽ കാണുന്നില്ല. സംഘവുമായി കരാർ ചമച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണവും, നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റിന് എൻക്വയറിക്ക് (നം.03/29.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗരേഖയ്ക്ക് വിരുദ്ധമായി തുക നൽകിയതിനാൽ ചെലവ് തുക 200000 രൂപ തടസപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പ്രോജക്ടുകൾ നിർവ്വഹിക്കേണ്ടതാണ്.

1-27 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല

എ) ഇ-ടെണ്ടർ രീതി അവലംബിച്ചിട്ടില്ല .

സ.ഉ (കൈ)നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത മാർഗരേഖയിൽ 500000/-രൂപയിൽ താഴെയുള്ള വാങ്ങലുകൾ മാത്രമേ സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളത്.

സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD Dt.30.04.15,GO(p) 524/2015/fin Dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവുംഅതിന് മുകളിലുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിന് വിരുദ്ധമായി താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്

| | |
|---|---|
| പ്രോജക്ട് | 185/22 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൾ - ജനറൽ |
| സ്പെസിഫിക്കേഷൻ | നീളം 1.98 Mtr വീതി 90cm,front Leg 60 Cm ,Back Leg 50 Cm L,Top 8 Mm Plywood |
| അടങ്കൽ | 1087500 രൂപ വികസന ഫണ്ട് |
| നിർവ്വഹണം | സെക്രട്ടറി |
| വിതരണം | കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ(ARTCO),<br>കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് |

| | |
|---|---|
| | കോർപ്പറേഷൻ (SIDCO ) |
| ബിൽ നം | 1) 39/ 13.01.22- 1087000 രൂപ<br>2) 50/26.03.22- 846308 രൂപ |
| ഇൻവോയ്സ് | 1) 106/23.11.21 -110 കട്ടിൽ 478280രൂപ<br>2)107/23.11.21-110 കട്ടിൽ 478280രൂപ<br>3) 108/23.11.21- 30 കട്ടിൽ 130440രൂപ<br>4) 159/26.03.22-195 കട്ടിൽ 846308രൂപ SIDCO |
| ആകെചെലവ് | 1933308 രൂപ |

മേൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും ARTCO, SIDCO എന്നീ ഏജൻസികൾ ഒരു കട്ടിലിന് 4350 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് തയ്യാറാണെന്ന് അറിയിക്കുകയും 04.12.2021 ലെ 1(17ാ നം. തീരുമാന പ്രകാരം ARTCO യുടെ താല്പര്യ പത്രം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിതരണക്കാരുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. ഭരണസമിതി അംഗീകരിക്കുന്നതിനുമുൻപ് തന്നെ ARTCO കട്ടിലുകൾ വിതരണം ചെയ്തതായി കാണുന്നു. ഇതേ കാലയളവിൽതന്നെ ടി പ്രോജക്ടിന് SIDCO യിൽനിന്നും കട്ടിലുകൾ വാങ്ങുന്നതിന് ഭരണസമിതി തീരുമാനം ഇല്ലാതിരിക്കെ കട്ടിലുകൾ വാങ്ങിയിയിരിക്കുന്നു. കട്ടിലുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഇല്ല, അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

G.O (Rt) No. 09/2017/SPD Dt 14.02.2017, GO(Rt)no. 26/2015/SPD Dt 28.05.2015 എന്നിവ പ്രകാരമുള്ള സ്റ്റോർ പർചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവുകളിൽ ARTCO, SIDCO എന്നീ ഏജൻസികൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ വിലവിവര പട്ടികയിൽ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ഇ-ടെണ്ടർ അവലംബിക്കാത്തതു മൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യതയും,സാമ്പത്തിക ലാഭവും ഇല്ലാതായി. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റിന് എൻക്വയറിക്ക് (നം.03/29.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ, പ്രൊക്യുർമെന്റ് നടപടിക്രമങ്ങൾ എന്നിവ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിനാൽ ചെലവ് തുക 1933308 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. മതിയായ രേഖകൾഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* വിതരണ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

* പദ്ധതി മാർഗരേഖ , സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രം പ്രോജക്ടുകൾ നിർവ്വഹിക്കേണ്ടതാണ്.

* വാങ്ങലുകൾക്ക് പ്രൊക്യുർമെന്റ് മാർഗരേഖപാലിക്കേണ്ടതാണ്.

## 1-28 അഗളി ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ

### എ) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി

അഗളി ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 353/22 അഗളി ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം |
| അടങ്കൽ | തനതു ഫണ്ട്- 1000000രൂപ<br>KURDFC വായ്പ 900000 രൂപ<br>ആകെ 10000000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| നിർവ്വഹണ ഏജൻസി | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ (SIDCO) |
| എം.ഒ.യു തീയതി | 14.01.2020 |
| കരാറുകാരൻ | കെ.സോമൻ (@ 7983520 രൂപ) |
| എഗ്രിമെന്റ് നം. | KSCDN/24/2019/18.03.2020 |
| സാങ്കേതിക അനുമതി | ലഭ്യമല്ല |

| | |
|---|---|
| വൌച്ചർ നം | 22100779/01.10.2021- 5110403 രൂപ |
| എം ബുക്ക് | 3803 |

അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ സ.ഉ(പി)നം.311/14/ഫിൻ/30.7.2014 ലെ അനക്സർ II ഖണ്ഡിക 1 ൽ സ്വന്തമായി എഞ്ചിനീയറിങ് വിഭാഗമുള്ള സ്ഥാപനങ്ങൾക്ക് തങ്ങളുടെ എഞ്ചിനീയറിങ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജി.ഒ.(പി)നം. 95/2017/Fin തിയതി, 25.7.2017 ഉത്തരവിലെ ഖണ്ഡിക (3)3 പ്രകാരം സാങ്കേതിക ആവശ്യകതകളും സെന്റേജ് ചാർജ് മുതലായവയും അടിസ്ഥാനമാക്കി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി ഭരണ വകുപ്പ് നീതിപൂർവ്വവും മത്സരാധിഷ്ഠിതവുമായ ബിഡ്ഡിംഗ് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഉത്തരവിനു വിരുദ്ധമായി പ്രവൃത്തി SIDCO എന്ന സ്ഥാപനത്തെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികളിൽ ബിഡ്ഡിങ്ങ് നടപടികൾ സ്വീകരിക്കാതെ പ്രവൃത്തി SIDCO വിനെ നേരിട്ട് ഏല്പിച്ചു.

സ.ഉ(കൈ)നം. 17/2018/ത.സ്വ.ഭ.വ തീയതി: 02.02.2018 പ്രകാരമുള്ള 13-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(3) I പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്റ്റ് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.5.1(3) V പ്രകാരം ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, വൈദഗ്ധ്യമേഖല കണക്കിലെടുത്ത് മറ്റു അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ, പ്രോജക്ടുകളുടെ ചുമതല ഭരണ സമിതി തീരുമാന പ്രകാരം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ , സെക്രട്ടറി മേൽ പ്രൊജക്ടിന്റെ നിർവ്വഹണം നടത്തി.

ബി) സെന്റേജ് ചാർജ്ജ് നൽകിയതിൽനിന്നും ആദായ നികുതി കുറവ് ചെയ്തിട്ടില്ല .

ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം കരാറുകാരിൽനിന്നും, സേവന ദാദാക്കളിൽനിന്നും 2% (വ്യക്തികൾ 1%,സ്ഥാപനങ്ങൾ 2%) ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആദായ നികുതി കുറവു ചെയ്യാതെയാണ് സെന്റേജ് ചാർജ്ജ് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

ഒന്നാം പാർട്ട് ബിൽ- വൌച്ചർ 22100825/12.11.2021- 478593 രൂപ

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 5069845 രൂപ |
| സെന്റേജ് ചാർജ്ജ് @ 8% | 405587 രൂപ |
| GST @ 18% | 73005 രൂപ |
| ആകെ | 478593 രൂപ |
| കുറയ്ക്കുക ആദായ നികുതി @ 2% | 8112 രൂപ |

പ്രവൃത്തിയുടെ ഫൈനൽ ബിൽ 2022-23 വർഷത്തിൽ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ സെന്റേജ് ചാർജ്ജ് സിഡ്കോവിന് നൽകിയിട്ടില്ല. ബില്ലിൽനിന്നും ആദായ നികുതി കുറവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റിന് എൻക്വയറിക്ക് (നം.07/28.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പ്രോജക്ടുകൾ നിർവ്വഹിക്കേണ്ടതാണ്.

*മരാമത്ത് പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നിർവ്വഹിക്കേണ്ടതാണ്.

* ആദായ നികുതി ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപറയുന്ന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് KSEB അഗളി ഇലക്ട്രിക്കൽ സെക്ഷനിലേക്ക് തുക നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 184/22 പാറവളവ് ത്രീ ഫേസ് ലൈൻ നീട്ടൽ | 27/28.12.21 | 299219 |
| 2 | 335/22 ജെല്ലിപ്പാറ പത്മനാഭൻ പ്രദേശം ത്രീ ഫേസ് ലൈൻ | 17/12.10.21 | 176056 |
| 3 | 183/22 മുണ്ടോക്കാട്ടിൽ പ്രദേശം ത്രീ ഫേസ് ലൈൻ വലിക്കൽ | 26/22.12.21 | 198122 |
| 4 | 182/22 ദൈവക്കുണ്ട് പ്രദേശം ത്രീ ഫേസ് ലൈൻ | 25/22.12.21 | 199774 |

സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2.(3) ഡി.ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ കരാർ ചമച്ചതായി കാണുന്നില്ല.

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാകകുന്നതിന് നൽകിയ ഓഡിറ്റിന് എൻക്വയറിക്ക് (നം.08/28.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ .

* പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

* വിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

* പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുകകൾ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്

1-30 സെക്രട്ടറി പദ്ധതി നിർവ്വഹണം - ആദായ നികുതി കുറവ് ചെയ്തിട്ടില്ല.

ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം കരാറുകാരിൽ നിന്നും, സേവനദാതാക്കളിൽ നിന്നും2%(വ്യക്തികൾ1%, സ്ഥാപനങ്ങൾ2%) ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആദായ നികുതി കുറവു ചെയ്യാതെയാണ് താഴെ പറയുന്ന പ്രോജക്റ്റുകൾക്ക് തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| 1) പ്രോജക്റ്റ് നം | 189/22 വിവിധ ജങ്ഷനുകളിൽ മിനി സോളാർ ഹൈമാസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 3000000 രൂപ വികസനഫണ്ട് -ജനറൽ |
| ചെലവ് | 3000000 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് പാലക്കാട് |
| ബിൽ നം.തീയതി | 1) 32/30.12.2021-1680000 രൂപ<br>2) 31/30.12..2021- 1320000 രൂപ<br>ആകെ 3000000 രൂപ |
| ഇൻവോയ്സ് നം. | 1) PKD BC/069/21-22 Dt 09.11.21-(750000+ 12% GST)=840000 രൂപ<br>2) PKD BC/070/21-22 Dt 09.11.21-(750000+ 12% GST)840000 രൂപ<br>3) PKD BC/071/21-22 Dt 09.11.21-(750000+ 12% GST)840000 രൂപ<br>4) PKD BC/072/21-22 Dt 09.11.21- |

| | |
|---|---|
| | (428571+ 12% GST)480000 രൂപ |
| ഈടാക്കേണ്ട ആദായ നികുതി @ 2% | 2678571 X2 % =53571 രൂപ |

| | |
|---|---|
| 2) പ്രോജക്ട് നം | 339/22 പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | 1050000 രൂപ വികസനഫണ്ട് -ജനറൽ |
| ചെലവ് | 1048798 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് പാലക്കാട് |
| ബിൽ നം.തീയതി | 41/19.01.2022-1048798 രൂപ |
| ഇൻവോയ്സ് നം. | PKD BC/065/21-22 Dt 01.11.21- (936426+ 12% GST) =1 048798 രൂപ |
| ഈടാക്കേണ്ട ആദായ നികുതി @ 2% | 936426 X2 % = 18729 രൂപ |

| | | |
|---|---|---|
| 3) പ്രോജക്ട് | 186/22 അങ്കണവാടികളുടെ വൈദ്യുതീകരണം-സ്പിൽ ഓവർ | 302/22 വിവിധ വാർഡുകളിലെ അങ്കണവാടികളുടെ വയറിംഗ്-സ്പിൽ ഓവർ |
| അടങ്കൽ | 480000 രൂപ -MG നോൺ റോഡ് | 473000രൂപ MG നോൺ റോഡ് |
| ചെലവ് | 440297രൂപ | 437605 രൂപ |
| ബിൽ നം.തീയതി | 47/11.03.22-440297 രൂപ | 21/03.11.21- 437605 രൂപ |
| നിർവ്വഹണം | സെക്രട്ടറി | |
| കരാറുകാരൻ | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് പാലക്കാട് | |
| സാങ്കേതിക അനുമതി | 54/ELE/LSGD/PKD /2021-22 Dt12.08.21 | ലഭ്യമല്ല |
| എം.ബുക്ക് | 01/21-22 | ലഭ്യമല്ല |
| ഇൻവോയ്സ് | PKD BC/052/21-22 Dt 07.10.21- (393122.32+ 12% GST= 440297) | PKD BC/053/21-22 Dt 07.10.21- (390718.75+ 12% GST= 437605) |
| ആകെ പ്രവൃത്തി മൂല്യം | 393122 രൂപ | 390719 രൂപ |
| ഈടാക്കേണ്ട നികുതികൾ | | |
| ആദായ നികുതി @ 2% | 7862 രൂപ (ഈടാക്കിയത് 3931 രൂപ) | 7814 രൂപ (ഈടാക്കിയിട്ടില്ല) |
| GST@ 2% | 7862 രൂപ (ഈടാക്കിയിട്ടുണ്ട്) | 7814 രൂപ (ഈടാക്കിയിട്ടുണ്ട്) |
| KCWWF @ 1% | 3931 രൂപ ഈടാക്കിയിട്ടുണ്ട്) | 3907 രൂപ (ഈടാക്കിയിട്ടില്ല) |

മരാമത്ത് ചട്ടങ്ങളിൽ പരാമർശിക്കുന്ന അവശ്യം വേണ്ടതായ സാങ്കേതിക അനുമതി, മെഷർമെന്റ് ബുക്ക്

എന്നിവ സൂക്ഷിക്കാതെയും, നിയമാനുസൃത നികുതികൾ സ്രോതസിൽനിന്നും കുറവ് ചെയ്യാതെയും കരാറുകാർക്ക് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റിന് എൻക്വയറിക്ക് (നം.02/29.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രവർത്തികളുടെ ഫൈനൽ ബിൽ നൽകുമ്പോൾ നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 3907 രൂപ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

* 80114 രൂപ (53571+18729+7814) ആദായ നികുതി ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ തുകകൾ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരുന്ന തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

അസി. എൻജിനിയർ ഇ-ടെണ്ടർനടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് തുകകൾ വരുന്ന കാലയളവിൽ മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെൺണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 35275661377-SBI) 31-3-2022ൽ ബാലൻസുള്ള 1004861രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ 25-8-2022ൽ മാത്രമാണ് അടവാക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി തുക തനത് ഫണ്ടിലേക്ക് കൈമാറാൻ ഇത്രയും വൈകിയത് ക്രമപ്രകാരമല്ല. 31-3-2022 ന് ശേഷം ടി ഇനത്തിൽ വരവ് ഉണ്ടായ തുകകൾ ഇതുവരെ തനതുഫണ്ടിലേക്ക് അടവാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/30-3-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകകൾ തനത്ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലൈയറിൽ നിന്ന് നികുതികൾ ഈടാക്കി അടവാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

2021-22സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവർത്തികൾക്കായി ടെണ്ടർ മുഖാന്തിരം സിമന്റ്, കമ്പി,മെറ്റൽ, എം സാന്റ്,മണൽ എന്നീ സാധനങ്ങൾ സപ്ലൈ ചെയ്ത ശ്രീ രവീന്ദ്രൻ പ്രതീഷ് (GSTIN No: 32BGNPP0629L1Z5) വിവിധ പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകുകയും ടിയാന് തുക നൽകുകയും ചെയ്തിട്ടുണ്ട്. ടിയാനിൽനിന്നും ചരക്ക് സേവന നികുതി 2% (1% CGST +1% SGST) ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായികാണുന്നില്ല. (രണ്ടര ലക്ഷത്തിൽ അധികരിച്ച വരുന്ന് കോൺട്രാക്ടുകളിൽ നിന്ന്

സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് | എം ബുക്ക് | മെറ്റീരിയൽസ്- തുക |
|---|---|---|
| ഉത്തമൻപടി റോഡ് കോൺക്രീറ്റ് | 78 | 360166 |
| കൊറവൻകണ്ടി- പാറയിൽ പ്രദേശം റോഡ് കോൺക്രീറ്റ് | 508 | 361163 |
| ഒസത്തിയൂർ പ്രദേസം മുതൽ പുലിയള പടിവരെ റോഡ് കോൺക്രീറ്റ് | 507 | 430488 |
| പട്ടിമാളം പ്രദേശം റോഡ് സൈഡ് കെട്ട് | 380005 | 346595 |
| | ആകെ | 1498412രൂപ |
| ഈടാക്കേണ്ടിയിരുന്ന നികുതി | CGST | 14984 രൂപ |
| | SGST | 14984 രൂപ |
| | ആകെ | 29968 രൂപ |

ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ കുറവ് ചെയ്യാതെ പ്രവൃത്തികൾക്ക് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സപ്ലെയർ ടി.ഡി.എസ് റിട്ടേൺ മുഖാന്തിരം നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/29.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ബിൽ നൽകുമ്പോൾ സ്രോതസിൽനിന്നും നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

* സപ്ലെയറുടെ ടി.ഡി.എസ് റിട്ടേൺ പരിശോധിച്ച് നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-33 കുടിവെള്ള പ്രോജക്ടുകളിൽ അർഹതാ മാനദണ്ഡങ്ങൾ പരിഗണിക്കാതെ സ്വകാര്യ വ്യക്തികൾക്ക് വാട്ടർ കണക്ഷൻ നൽകിയിരിക്കുന്നു.

താഴെ സൂചിപ്പിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ അർഹതാ മാനദണ്ഡങ്ങൾ പരിഗണിക്കാതെ സ്വകാര്യ വ്യക്തികൾക്ക് വാട്ടർ കണക്ഷൻ നൽകിയിരിക്കുന്നു.

പ്രോജക്ടിന്റെ നം. , പേര് : SO 283/22- തോട്ടപ്പുര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ

| | |
|---|---|
| അടങ്കൽ, ഫണ്ട് വിവരങ്ങൾ | 250000 രൂ. ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 225053<br>ബിൽ നം. 23/6-11-2021, 225053രൂ. |
| കരാർ നം., അളവു പുസ്തകം: | 138/AE/LSGD/AGP/ 3-9-2020<br>MB No.130/20-21 |
| പി.എ.സി. | 223070 |
| കരാറുകാരൻ: | വിഷ്ണുപ്രസാദ്. എസ്. |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് ഫൗണ്ടൻ പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗനിർദേശങ്ങൾ പ്രകാരം

വീടുകളിലേയ്ക്ക് ടാപ്പും മീറ്ററും അനുബന്ധ സാമഗ്രികളും സ്ഥാപിച്ച് നൽകുക എന്ന വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രവൃത്തി ചെയ്യുന്നതിന് ഗ്രാമസഭകളിൽ അർഹതാ മാനദണ്ഡങ്ങൾക്കനുസരണമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ടി ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും വേണം. എന്നാൽ ടി പ്രോജക്റ്റിൽ ഇപ്രകാരം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/30-3-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ എം.ബുക്കിലെ ഇനം നം.16 ആയി അനുവദിച്ചിട്ടുള്ള 3 ഫൗണ്ടൻ പോസ്റ്റുകൾക്ക് 1200 വീതം 3600 രൂ. അനുവദിച്ചത് തടസ്സപ്പെടുത്തുന്നു.

1-34 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെസൂചിപ്പിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകി യിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല .

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റിന്റെ നം. , പേര് : SO 283/22- തോട്ടപ്പുര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 225053<br>ബിൽ നം. 23/6-11-2021, 225053രൂ. |
| കരാർ നം., അളവു പുസ്തകം: | 138/AE/LSGD/AGP/ 3-9-2020<br>MB No.130/20-21 |
| പി.എ.സി. | 223070 |
| കരാറുകാരൻ: | വിഷ്ണുപ്രസാദ്. എസ്. |

| | |
|---|---|
| സ്ഥലം കൈമാറിയ തീയ്യതി. | 3-9-2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 3-3-2021 (6 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 29-3-2021 |
| ഈടാക്കേണ്ട പിഴ (1%) | 2231 |
| ഈടാക്കിയത് | - |
| ഈടാക്കിയതിൽ കുറവ്: | 2231 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. സപ്ലമെന്റൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ഭരണസമിതി തീരുമാനം എടുക്കുകയും ചെയ്തിട്ടില്ല.

2) പ്രോജക്ടിന്റെ നം. , പേര് : SO 288/22- കള്ളമല മുസ്ലീം പ്രദേശം കുടിവെള്ള പദ്ധതി.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 341476<br>ബിൽ നം. 60/9-3-2022, 341476രൂ. |
| കരാർ നം., അളവു പുസ്തകം: | 115/AE/LSGD/AGP/ 8-7-2020<br>MB No.108/20-21 |
| പി.എ.സി. | 312467 |
| കരാറുകാരൻ: | ബിജു ദേവസ്യ. |
| സ്ഥലം കൈമാറിയ തീയ്യതി. | 8-7-2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 8-1-2021 (6 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 14-2-2022 |
| ഈടാക്കേണ്ട പിഴ (3%) | 9374 |
| ഈടാക്കിയത് | 3025 |
| ഈടാക്കിയതിൽ കുറവ്: | 6349 |

3) പ്രോജക്ടിന്റെ നം. , പേര് : SO 278/22- മുക്കാലി ഊര് കുടിവെള്ള പദ്ധതി.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | രൂ. 471987<br>ബിൽ നം. 26/26-11-2021, 471987രൂ. |
| കരാർ നം., അളവു പുസ്തകം: | 114/AE/LSGD/AGP/ 6-7-2020<br>MB No.108/20-21 |
| പി.എ.സി. | 437113 |
| കരാറുകാരൻ: | വി.സി. മാത്യൂ. |
| സ്ഥലം കൈമാറിയ തീയ്യതി. | 9-7-2020 |
| കരാർ പ്രകാരം | 8-3-2021 (8 മാസം) |

| | |
|---|---|
| പൂർത്തീകരിക്കേണ്ട തീയതി: | |
| പൂർത്തീകരിച്ച തീയ്യതി: | 8-11-2021 |
| ഈടാക്കേണ്ട പിഴ (3%) | 13113 |
| ഈടാക്കിയത് | - |
| ഈടാക്കിയതിൽ കുറവ്: | 13113 |

ടി പ്രവൃത്തിയിൽ കോവിഡ് കാലവുമായി ബന്ധപ്പെട്ട 6 മാസത്തെ ഇളവുകൾ അനുവദിച്ചാലും പിന്നീടും പ്രവൃത്തി നീണ്ടുപോയിരിക്കുന്നു. ആയതിനാൽ പിഴ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/30-3-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 21693രൂ. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-35 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലികമാക്കിയിട്ടില്ല/സൂക്ഷിച്ചിട്ടില്ല

താഴെ സൂചിപ്പിക്കുന്ന രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലികമാക്കിയിട്ടില്ല/സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) തൻവർഷം നടത്തിയിട്ടുള്ള പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള എം.ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ടെണ്ടർ ഷെഡ്യൂളുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) റോഡ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/22-3-2023)ആയവ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 25.03.2023 മുതൽ 31.03.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | മുന്നിരിപ്പ് | 12148006 | ലൈഫ് ഭവനം. | 7923757 | 4224249 |
| | | 500000 | ഭൂതിവഴി കുടിവെള്ള പദ്ധതി | 0 | 500000 |
| | 2021-22 | 500000 | 326/22 സുഭിക്ഷ കേരളം തരിശ് ഭൂമി പച്ചക്കറി കൃഷി | 500000 | 0 |
| | | 2097000 | 11/22 ലൈഫ് ഭവനം(ടി.എസ്.പി) | 2097000 | 0 |
| | | 1480000 | 14/22 ലൈഫ് ഭവനം-ജനറൽ | 1480000 | 0 |
| | | 600000 | 386/22 പാലിന് സബ്സിഡി | 600000 | 0 |
| | | 732900 | 08/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 732900 | 0 |
| | ആകെ | 5409900 | | 5409900 | 4724249 |
| | മുന്നിരിപ്പുൾപ്പെടെ | 18057906 | | 13333657 | 4724249 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | മുന്നിരിപ്പ് 18333619 | ലൈഫ് ഭവനം | 3658102 | 14675517 |
| | | 9065000 | 11/22 ലൈഫ് ഭവനം.-ടി.എസ്.പി | 9065000 | 0 |
| | | 4854396 | 254/22ലൈഫ് ഭവനം-ജനറൽ | 4854396 | 0 |
| | | 945604 | 14/22 ലൈഫ് ഭവനം-ജനറൽ | 945604 | 0 |
| | | 400000 | 386/22 പാലിന് സബ്സിഡി | 400000 | 0 |
| | ആകെ | 15265000 | | 15265000 | |
| | മുന്നിരിപ്പുൾപ്പെടെ | 33598619 | | 18923102 | 14675517 |

വിവിധ പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| 1 | KSEB അഗളി ഇലക്ട്രിക്കൽ സെക്ഷൻ | 184/22 പാറവളവ് ത്രീ ഫേസ് ലൈൻ നീട്ടൽ | 27/28.12.21 | 299219 | 0 | 299219 |
| 2 | KSEB അഗളി ഇലക്ട്രിക്കൽ സെക്ഷൻ | 335/22 ജെല്ലിപ്പാറ പത്മനാഭൻ പ്രദേശം ത്രീ ഫേസ് ലൈൻ | 17/12.10.21 | 176056 | 0 | 176056 |
| 3 | KSEB അഗളി | 183/22 മുണ്ടോക്കാട്ടിൽ | 26/22.12.21 | 198122 | 0 | 198122 |

| | | | | | | |
|---|---|---|---|---|---|---|
| | ഇലക്ട്രിക്കൽ സെക്ഷൻ | പ്രദേശം ത്രീ ഫേസ് ലൈൻ | | | | |
| 4 | KSEB അഗളി ഇലക്ട്രിക്കൽ സെക്ഷൻ | 182/22 ദൈവക്കുണ്ട് പ്രദേശം ത്രീ ഫേസ് ലൈൻ | 25/22.12.21 | 199774 | 0 | 199774 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഹഡ്കോ വായ്പ | ലഭ്യമല്ല | 0 | 114623255 | 11366667* | 0 | 103256588 |
| ടൌൺഹാൾ -ഹഡ്കോ വായ്പ | G.O(Rt) 1115/2020/LSGD Dt 12.06.2020 | 5550403 | 0 | 0 | 0 | 5550403 |
| | ആകെ | 5550403 | 114623255 | 11366667* | 0 | 108806991 |

* വികസന ഫണ്ടിന്റെ (ജനറൽ, എസ്.സി.പി) സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക.

ടൌൺഹാൾ നിർമ്മാണത്തിനും , ലൈഫ് ഭവന നിർമ്മാണത്തിനും KURDFC യിൽനിന്നും വായ്പകൾ എടുത്തിട്ടുണ്ടെങ്കിലും രണ്ടും ഒറ്റ വായ്പയായാണ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് . ആയത് പ്രത്യേകം രേഖപ്പെടുത്തൽ വരുത്തി വാർഷിക കണക്ക് തയ്യാറാക്കേണ്ടതാണ്.

4-6 സ്ഥിരനിക്ഷേപങ്ങൾ.

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം.തിയതി | തുക ഒടുക്കിയത് |
|---|---|---|---|---|
| 2017-18 | 2-5(2) | 820 | 121010100282/10.01.22 | ഹൻസൻ പി.പി |
| 2011-12 | 12 | 480 | 121010100295/10.01.22 | ശോഭ |
| | ആകെ | 1300 | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1999-2000 | 2-5 | 2004-05 | 3.9.1.4.1 | നിർവ്വഹണ ചെലവ്-പരിധി പാലിച്ചില്ല | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 1999-2000 | 2-18 | 2004-05 | 3.9.1.4.2 | 1.86 കോടി രൂപയുടെ ചെലവ് രേഖയില്ല | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 2000-01 | 17 | | 3.9.1.4.2 | | |
| 2001-02 | 7 | | 3.9.1.4.2 | | |
| 1999-2000 | 2-17 | 2004-05 | 3.9.1.4.3 | ജലവിതരണ പദ്ധതി-കിണർ ചവറുനിക്ഷേപ കുഴിയായി. | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 1999-2000 | 2-14 14എ | 2004-05 | 3.9.1.4.4 | നിർവ്വഹണ രേഖയില്ല | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 2013-14 | 3-1 | 2013-14 | 3-1 | അങ്കണവാടി പോഷകാഹാര വിതരണത്തിലെ ക്രമക്കേടുകൾ (ഓഡിറ്റ് ഇംപാക്ട്) | സമിതി വിഷയം പരിഗണി ച്ചിട്ടില്ല |
| 1997-1998 | 1 പൊതു അവലോകനം | 2001-02 | IV. 9. 3 (1) | പൊതു അവലോകനം | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 25535746.57 |
| ഓഡിറ്റ് വർഷത്തെ വരവ് | 242267810.00 |

| | |
|---|---|
| ആകെ | 267803556.57 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 21168711.00 |
| നീക്കിയിരിപ്പ് | 56634845.57 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4572333രൂ. |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 100000 | ഡോ. മരിയാ ലൂക്കോസ്,<br>വെറ്റിനറി സർജൻ |
| 1-18 | 306500 | ദീപാ ജയൻ,<br>കൃഷി ഓഫീസർ |
| 1-19 | 190603 | ശ്രീ. രമേഷ് കുമാർ.എം.,<br>അസി. സെക്രട്ടറി |
| 1-20 | 1240770 | ശ്രീ. ബാലൻ.കെ<br>ഹെഡ് മാസ്റ്റർ |
| 1-23 | 597552 | ശ്രീ. ബാലൻ.കെ<br>ഹെഡ് മാസ്റ്റർ |
| 1-26 | 200000 | ശ്രീ. മുരുകേഷ് ബാബു,<br>സെക്രട്ടറി |
| 1-27 | 1933308 | ശ്രീ. മുരുകേഷ് ബാബു,<br>സെക്രട്ടറി |
| 1-33 | 3600 | ശ്രീ. അനിൽ.റ്റി.വി,<br>അസി.എഞ്ചിനീയർ |
| ആകെ. | 4572333 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 15344 | ശ്രീ. അനിൽ.റ്റി.വി, അസി.എഞ്ചിനീയർ |
| | 6349 | ശ്രീ.ഷിബിൻ രാജ് , അസി.എഞ്ചിനീയർ |
| ആകെ. | 21693 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. മരിയാ ലൂക്കോസ്, വെറ്റിനറി സർജൻ | വെറ്റിനറി ഹോസ്പിറ്റൽ അഗളി ഗ്രാമപഞ്ചായത്ത് | ചാമക്കാലയിൽ ഹൗസ്, കൽക്കണ്ടി(പി.ഓ) അഗളി |
| ദീപാ ജയൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ അഗളി ഗ്രാമപഞ്ചായത്ത് | അയ്യപ്പനഗർ വീട് പുതൂർ പി.ഓ പുതൂർ പാലക്കാട് 678581 |
| ശ്രീ. രമേഷ് കുമാർ.എം., അസി. സെക്രട്ടറി | അസി. സെക്രട്ടറി അഗളി ഗ്രാമപഞ്ചായത്ത് | മുതുകാട് ഹൗസ് കിണാശ്ശേരി(പി.ഒ) പാലക്കാട്-678707 |
| ശ്രീ. ബാലൻ.കെ ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ അഗളി എൽ.പി. സ്കൂൾ | വസന്തം ഹൗസ്, അഗളി (പി.ഓ) പാലക്കാട് – 678581 |
| ശ്രീ. മുരുകേഷ് ബാബു, സെക്രട്ടറി | സെക്രട്ടറി അഗളി ഗ്രാമപഞ്ചായത്ത് | പൂമുഖത്ത് ഹൗസ് ആദിനാട്, കരുനാഗപ്പള്ളി, കൊല്ലം |
| ശ്രീ. അനിൽ.റ്റി.വി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ അഗളി ഗ്രാമപഞ്ചായത്ത് | തെക്കുങ്കൽ ഹൗസ് ചാത്തമംഗലം(പി.ഒ) നെന്മാറ, പാലക്കാട് |
| ശ്രീ.ഷിബിൻ രാജ് , അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ അഗളി ഗ്രാമപഞ്ചായത്ത് | പാണൻറയത്ത് |

| | | |
|---|---|---|
| | | ഹൗസ്, മുളകാടകം, അക്ഷരനഗർ-8 കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP12-467/03/3-7-2003 | ഫർദർ റിമാർക്സ് |
| 1997-98 | LFP12-505/03/5-7-2003 | ഫർദർ റിമാർക്സ് |
| 1998-99 | LF P 12-999/05/15-2-2006 | ഫർദർ റിമാർക്സ് |
| 1999-00 | LFP 12-1683/ 07/21.1.08 | ഫർദർ റിമാർക്സ് |
| 2000-01 | LF P12-1684/07/21.1.08 | ഫർദർ റിമാർക്സ് |
| 2001-02 | LF P12-80/ 09/18.08.09 | ഫർദർ റിമാർക്സ് |
| 2002-03 | LF P12-81/09/26-6-2009 | ഫർദർ റിമാർക്സ് |
| 2003-04 | LF P17-228/10/22-9-2010 | ഫർദർ റിമാർക്സ് |
| 2004-05 | LF P17-1460/10/16-8-2010 | ഫർദർ റിമാർക്സ് |
| 2005-06 | LF P17-567/10/27.10.10 | ഫർദർ റിമാർക്സ് |
| 2006-07 | LF P12-85/10/27.10.10 | ഫർദർ റിമാർക്സ് |
| 2007-08 | LFP17-1202/10/14-7-11 | ഫർദർ റിമാർക്സ് |
| 2008-09 | LFP17/1203/10/14-7-11 | ഫർദർ റിമാർക്സ് |
| 2009-10 | LFP17/748/12/03-07-2012 | ഫർദർ റിമാർക്സ് |
| 2010-11 | LFP17/1436/13/06-11-13 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2011-12 | LFP17/232/14/07-03-14 | ഫർദർ റിമാർക്സ് |
| 2012-13 | L F P 17/390/15/ 18-05-15 | ഫർദർ റിമാർക്സ് |
| 2013-14& 2014-15 | കെ.എസ്.എ-പി.കെ.ഡി19/1365/2016 തീയതി.03-08-2016 | ഫർദർ റിമാർക്സ് |
| 2015-16 | കെ.എസ്.എ-പി.കെ.ഡി24/2146/2016 തീയതി.18-01-2017 | ഫർദർ റിമാർക്സ് |
| 2016-17 | കെ.എസ്.എ-പി.കെ.ഡി24/2007/2017 തീയതി.01-01-2017 | ഫർദർ റിമാർക്സ് |
| 2017-18 | കെ.എസ്.എ-പി.കെ.ഡി24/454A/2019 തീയതി.12-4-2019 | ഫർദർ റിമാർക്സ് |
| 2018-19 | കെ.എസ്.എ-പി.കെ.ഡി24/144/21 തീയതി. 8-4-21 | ഫർദർ റിമാർക്സ് |
| 2019-20 | കെ.എസ്.എ-പി.കെ.ഡി24/1444/22 തീയതി 08.07.2022 | ഓഡിറ്റ് റിപ്പോർട്ട് |
| 2020-21 | കെ.എസ്.എ-പി.കെ.ഡി24/1445/22 തീയതി 08.07.2022 | ഓഡിറ്റ് റിപ്പോർട്ട് |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Agali Grama Panchayat<br><br>BALANCE SHEET | | |
| | As on 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -77545687.43 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 11458.00 |
| 312000000 | Reserves | B-3 | 305647832.00 |
| | Total Reserve & Surplus | | 228113602.57 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 67334720.00 |
| | Total Grants, Contributions for Specific Purposes | | 67334720.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 108806991.00 |
| | Total Loans | | 108806991.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 576436.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 5549652.00 |
| | Total Current Liabilities and Provisions | | 6126088.00 |
| | TOTAL LIABILITIES | | 410381401.57 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 350085424.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -115698881.00 |
| 412000000 | Capital Work in Progress | B-11(a) | 5597796.00 |
| | Total Fixed Assets | | 239984339.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 11324053.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 99756588.00 |
| 450000000 | Cash and Bank Balance | B-17 | 56634845.57 |
| 460000000 | Loans, Advances and Deposits | B-18 | 2681576.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 170397062.57 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 410381401.57 |

| | Agali Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
|---|---|---|---|
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7319590.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 812350.00 |
| 140000000 | Fee & User Charges | I-4(b) | 3977312.00 |
| 150000000 | Sale & Hire Charges | I-5(b) | 188625.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 515253869.00 |
| 171000000 | Interest Earned | I-8 | 140483.00 |
| 180000000 | Other Income | I-9 | 8848.00 |
| | Total Income | | 527701077.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 19984154.00 |
| 220000000 | Administrative Expenses | I-11(b) | 1902049.00 |
| 230000000 | Operations & Maintenance | I-12(b) | 9679471.00 |
| 240000000 | Interest & Finance Charges | I-13 | 283862.00 |
| 250000000 | Decentralised Plan Programme- Productive Sector / | I-14 | 20216660.00 |

| | | | |
|---|---|---|---|
| | Programme Expenses | | |
| 251000000 | Decentralised Plan Programme- Service Sector | I-14(a) | 352264937.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 4184157.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | I-14(c) | 4614449.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 80558500.00 |
| 255000000 | Maintenance Projects | I-14(e) | 19265533.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1082090.00 |
| 272000000 | Depreciation | I-17(a) | 33990304.00 |
| | Total Expenditure | | 548026166.00 |
| | Gross Surplus / Deficit of income over Expenditure | | -20325089.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -233856.00 |
| | Net difference (Prior period Income - Prior period Expenditure) | | -20091233.00 |
| 290000000 | Transfer to Reserve | I-18(a) | 0.0 |

| | | | |
|---|---|---|---|
| | Funds/Prior Period Item(ILGMS) | | |

| | | | |
|---|---|---|---|
| | Agali Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25535746.57 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2885817.00 |
| 130000000 | Rental income from Panchayat Properties | RP-3 | 264450.00 |
| 140000000 | Fees & User Charges | RP-4 | 1302273.00 |
| 150000000 | Sale & Hire Charges | RP-5 | 188625.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 148054432.00 |
| 171000000 | Interest Earned | RP-9 | 140483.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 69222509.00 |
| 350000000 | Other Liabilities | RP-36 | 1228407.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3540.00 |
| 311000000 | Earmarked Funds | RP-29 | 443.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 463150.00 |
| 330000000 | Secured Loans | RP-32 | 5550403.00 |
| 340000000 | Deposits Received | RP-34 | 61974.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 385048.00 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 10408579.00 |
| 460000000 | Loans, Advances and Deposits | RP-47 | 2107677.00 |
| | Grand total | | 267803556.57 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 7883136.00 |
| 220000000 | Administrative Expenses | RP-12 | 1902049.00 |
| 230000000 | Operations & Maintenance | RP-13 | 9679471.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 19956490.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 79923850.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 4444327.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 4614449.00 |
| 255000000 | Maintenance Projects | RP-20 | 19265533.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1082090.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 108238.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 543550.00 |
| 350000000 | Other Liabilities | RP-36 | 17759765.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 283862.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -42900.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 306750.00 |
| 340000000 | Deposits Received | RP-34 | 120364.00 |
| 350000000 | Other Liabilities | RP-36 | 3948178.00 |
| 410000000 | Fixed Assets | RP-38 | 29900422.00 |
| 412000000 | Capital work in Progress | RP-40 | 2785351.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2019920.00 |
| 440000000 | Pre-paid Expenses | RP-45 | 1400000.00 |
| 460000000 | Loans, Advances and Deposits | RP-47 | 3283816.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 56295620.57 |
| Cash | Cash | RP-40(b) | 339225.00 |
| | Grand Total | | |

ഡെപ്യൂട്ടി ഡയറക്ടർ